6. ഒരു വയസ്സിനുള്ളിൽ കുട്ടിക്ക് മുഴുവൻ പ്രതിരോധ കുത്തിവയ്പ് എടുക്കുന്നതിന് ആശാവർക്കർമാർക്ക് 100 രൂപ. ഇത് രണ്ട് വയസുവരെ നിലനിർത്തുന്നതിന് 50 രൂപയും ആശാവർക്കർമാർക്ക് നൽകുന്നു.

7. വന്ധ്യംകരണത്തിന് സ്ത്രീകളെ പ്രേരിപ്പിക്കുന്നതിന് 150 രൂപയും പുരുഷൻമാർക്ക് 200 രൂപയും

8. വാർഡുതല ആരോഗ്യപോഷക ദിനം സംഘടിപ്പിക്കുന്നതിന് 150 രൂപ കുറഞ്ഞത് 25 പേരെയെങ്കിലും പങ്കെടുപ്പിക്കണം

9. തിമിര ശസ്ത്രക്രിയയ്ക്ക് പ്രേരണ നൽകി ശസ്ത്രക്രിയ നടത്തുകയും ചെയ്യുന്നതിന് 175 രൂപ (ഒരു കണ്ണിന്)

10. ടി. ബി. രോഗികൾക്ക് കഫ പരിശോധനയ്ക്കും അതിനുശേഷം ഡോട്സ് നൽകുന്നതിനുമായി 1000 രൂപ

11. ആശാവർക്കർമാർക്ക് അനുവദിച്ചിട്ടുള്ള വീടുകളുടെ എണ്ണം കൃത്യമായി ക്രമപ്പെടുത്തുന്നതിനും അത് 6 മാസത്തിലൊരിക്കൽ പുതുക്കുന്നതിനും ആരോഗ്യ രജിസ്റ്റർ സൂക്ഷിക്കുന്നതിനും ജനനവും മരണവും രജിസ്റ്റർ ചെയ്യുന്നതിനും കുത്തിവയ്പ് എടുക്കേണ്ട കുട്ടികളുടെ പട്ടിക തയ്യാറാക്കാനും എ.എൻ.സി./ എലിജിബിൾ കപ്പിൾ പട്ടിക തയ്യാറാക്കുന്നതിനുമായി ആശാവർക്കർമാർക്ക് 500 രൂപ.

(ബി) ഉണ്ട്. ആശ ഇൻസെന്റീവ് കേന്ദ്ര ഗവൺമെന്റിന്റെ മാനദണ്ഡങ്ങൾ അനുസരിച്ചാണ് നൽകുന്നത്. മുൻപ് നൽകിക്കൊണ്ടിരുന്ന 2 ഇൻസെന്റീവുകൾ 2014-15-ൽ നിർത്തലാക്കിയിട്ടുണ്ട്.

(സി) ഇപ്പോൾ പരിഗണിക്കുവാൻ നിർവ്വാഹമില്ല.

എബോള രോഗം

12 (2563) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആഫ്രിക്കൻ രാജ്യങ്ങളിൽ കൂട്ടമരണങ്ങൾക്ക് ഇടയാക്കിയ എബോള വൈറസ് സംസ്ഥാനത്ത് എത്തിച്ചേരാനിടയുണ്ടെന്ന മാധ്യമ വാർത്തകൾ പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) ആഫ്രിക്കൻ രാജ്യങ്ങളിൽനിന്ന് സംസ്ഥാനത്തെ എയർപോർട്ടുകളിലെത്തുന്ന ആളുകളെ നിരീക്ഷിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഏതൊക്കെ തരത്തിലുള്ള നിരീക്ഷണങ്ങളാണ് നടത്തിയതെന്ന് വിശദമാക്കാമോ ;

(ഡി) സംസ്ഥാനത്തെത്തിയ ആർക്കെങ്കിലും ഇതിനകം എബോള രോഗം സ്ഥിരീകരിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) പരിശോധിച്ചിട്ടുണ്ട്. എബോള വൈറസ് രോഗത്തെ സംബന്ധിച്ച് കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന്റെ നിർദ്ദേശങ്ങൾക്കനുസരിച്ചുള്ള നടപടികൾ സംസ്ഥാനത്ത് സ്വീകരിച്ചിട്ടുണ്ട്.

- രോഗം സ്ഥിരീകരിച്ചിട്ടുള്ള പടിഞ്ഞാറൻ ആഫ്രിക്കൻ രാജ്യങ്ങളിൽനിന്നും വരുന്ന യാത്രക്കാരെ പരിശോധിക്കാനും നിരീക്ഷിക്കാനും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

- രോഗം സംശയിക്കുന്നവരെ നിരീക്ഷിക്കാനും ചികിത്സിക്കുന്നതിനും വേണ്ടി എയർപോർട്ട് കേന്ദ്രീകരിച്ചിട്ടുള്ള ആറ് ആശുപത്രികളിൽ പ്രാരംഭ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

- ഡോക്ടർമാർക്ക് പ്രത്യേക പരിശീലനം നൽകുകയും അവർക്ക് വേണ്ടുന്ന പി.പി.ഇ. കിറ്റുകൾ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്.

(ബി) രോഗം സ്ഥിരീകരിച്ചിട്ടുള്ള ആഫ്രിക്കൻ രാജ്യങ്ങളിൽനിന്ന് സംസ്ഥാനത്തെ എയർപോർട്ടുകളിലെത്തുന്ന ആളുകളെ നിരീക്ഷിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) രോഗം സ്ഥിരീകരിച്ചിട്ടുള്ള പടിഞ്ഞാറൻ ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നും വരുന്ന യാത്രക്കാരെ രാജ്യാന്തര വിമാനത്താവളങ്ങളിലും ഇറമുഖങ്ങളിലും കർശനമായ പരിശോധനകൾക്ക് വിധേയമാക്കുന്നുണ്ട്. ഇതിനുവേണ്ടി തെർമൽ സ്കാനറുകൾ ഉൾപ്പെടെയുള്ള സംവിധാനങ്ങൾ വിമാനത്താവളങ്ങളിൽ ഏർപ്പെടുത്തിയിട്ടുണ്ട്. ഇത്തരം യാത്രക്കാരുടെ വിവരങ്ങൾ അതാത് ജില്ലാ മെഡിക്കൽ ഓഫീസർമാർക്ക് കൈമാറുകയും ഇവരെ 30 ദിവസത്തെ നിരീക്ഷണത്തിന് വിധേയമാക്കുകയും ചെയ്യുന്നുണ്ട്. ഇവരുടെ ദിവസേനയുള്ള നിരീക്ഷണ റിപ്പോർട്ടുകൾ ജില്ലാതലത്തിലും സംസ്ഥാനതലത്തിലും ക്രോഡീകരിച്ച് കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിലേക്ക് അയയ്ക്കുന്നു. ജില്ലാ തലത്തിലും സംസ്ഥാനതലത്തിലും ഈ പ്രവർത്തനങ്ങളുടെ മോണിറ്ററിംഗ് നടത്തുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇല്ല. സംസ്ഥാനത്തുനിന്നും രോഗം സംശയിച്ച രണ്ട് പേരുടെ രക്ത സാമ്പിളുകൾ ഡൽഹിയിൽ അയച്ച് പരിശോധിക്കുകയും ഫലം നെഗറ്റീവ് ആണെന്ന് കണ്ടെത്തുകയും ചെയ്തു.

എബോള വൈറസ് രോഗ നിർണ്ണയം

13 (2564) ശ്രീ. എം. എ. ബേബി :
ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ശ്രീ. എസ്. ശർമ്മ :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എബോള വൈറസ് ബാധിതന്റെ സാന്നിദ്ധ്യം ഇന്ത്യയിൽ സ്ഥിരീകരിച്ച പശ്ചാത്തലത്തിൽ സംസ്ഥാനത്ത് സ്വീകരിച്ച മുൻകരുതൽ നടപടികൾ അറിയിക്കാമോ ;

(ബി) സംസ്ഥാനത്ത് എത്തുന്ന പ്രവാസികളും വിദേശികളും എബോള രോഗാണുവാഹകരല്ലെന്ന് ഉറപ്പാക്കാൻ ഏർപ്പെടുത്തിയ സജ്ജീകരണങ്ങൾ എന്തൊക്കെയാണ് ;

(സി) രോഗ നിർണ്ണയത്തിനായി എന്തൊക്കെ സൗകര്യങ്ങളാണ് ഉള്ളതെന്ന വിവരം ലഭ്യമാക്കാമോ ;

(ഡി) രോഗാണു വാഹകരെന്ന് സംശയിക്കുന്നവരെ നിരീക്ഷിക്കുന്നതിനും ഏകാന്തവാസത്തിനും എന്തൊക്കെ ഏർപ്പാടുകൾ ചെയ്തിട്ടുണ്ട് ?

ഉത്തരം

(എ) എബോള വൈറസ് രോഗം സംസ്ഥാനത്ത് വരാതിരിക്കുവാൻവേണ്ടി യാത്രക്കാരുടെ കർശനമായ പരിശോധനകൾ രാജ്യാന്തര വിമാനത്താവളങ്ങളിലും കൂടാതെ ഇറമുഖങ്ങളിലും നടപ്പിലാക്കിയിട്ടുണ്ട്. യാത്രക്കാർക്ക് തെർമൽ സ്കാനർ ഉപയോഗിച്ചുള്ള പരിശോധന നടത്തുന്നുണ്ട്. പടിഞ്ഞാറൻ ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നുംവരുന്ന യാത്രക്കാരുടെ വിവരങ്ങൾ അതാത് ജില്ലാ മെഡിക്കൽ ആഫീസർ മാർക്ക് കൈമാറി ഇവരെ 30 ദിവസത്തെ നിരീക്ഷണത്തിന് വിധേയരാക്കുന്നു. ഇവരുടെ ദിവസേനയുള്ള നിരീക്ഷണ റിപ്പോർട്ടുകൾ ജില്ലാതലത്തിലും സംസ്ഥാന തലത്തിലും ക്രോഡീകരിച്ച് കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന് അയയ്ക്കുന്നു. ജില്ലാതലത്തിലും സംസ്ഥാനതലത്തിലും ഈ പ്രവർത്തനങ്ങളുടെ മോണിറ്ററിംഗ് നടത്തുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly